"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

*പരിപത്രം*

**നമ്പർ റൂൾസ്-2/171/2019/ഉ.ഭ.പ.വ.** *തിരുവനന്തപുരം, തീയതി, 2019 ഒക്ടോബർ 5.*

*വിഷയം :—* ഉ.ഭ.പ.വ.—നിയമസഭാ സമിതി ഹർജികളിൻമേൽ സ്വീകരിക്കേണ്ടുന്ന നടപടിക്രമം—വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

*സൂചന :—* ആഭ്യന്തര (എം) വകുപ്പിന്റെ 17-7-2019-ലെ ആഭ്യന്തരം-(എം) 1/539/2018/ആഭ്യന്തരം നമ്പർ അനൗദ്യോഗിക കുറിപ്പ്.

നിയമസഭയുമായി ബന്ധപ്പെടുന്ന വിഷയങ്ങൾ എപ്രകാരം കൈകാര്യം ചെയ്യണമെന്ന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ അദ്ധ്യായം 15-ൽ ഖണ്ഡിക 236, ഖണ്ഡിക 238 എന്നിവയിലാണ് പ്രതിപാദിക്കുന്നത്. ഖണ്ഡിക 236-ൽ സമിതിക്ക് ലഭിക്കുന്ന പരാതികൾ വകുപ്പ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ കണ്ട് മറുപടി നൽകിയാൽ മതിയെന്നും, ഖണ്ഡിക 238-ൽ നിയമസഭാ സമിതിയുടെ ശിപാർശ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കേണ്ടത് ബന്ധപ്പെട്ട മന്ത്രിതലത്തിൽ ആയിരിക്കണമെന്നുമാണ് നിഷ്കർഷിക്കുന്നത്. എന്നാൽ നിലവിൽ ഇത്തരം സമിതികളിൽ സമർപ്പിക്കപ്പെടുന്ന പരാതികളിൻമേൽ ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മറുപടികൾ കരട് റിപ്പോർട്ട് സഹിതം ഫയൽ സമർപ്പിക്കുകയും അത് മന്ത്രിതലത്തിൽ അംഗീകരിക്കുകയും ചെയ്യുന്ന നടപടിക്രമമാണ് തുടർന്നുപോരുന്നത്.

2. കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ മേൽ വിഷയം സംബന്ധിച്ച് ഉചിതമായ മാർഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിലും ചട്ടത്തിൽ നിന്നും വ്യത്യസ്തമായ ഒരു കീഴ്വഴക്കം മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം നിയമസഭാ സമിതി സംബന്ധിച്ച വിഷയങ്ങളിൽ സ്വീകരിച്ചുപോരുന്നതായി

GCPT. 3/3373/2019/TP.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമം സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട് പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നത് ഉചിതമാണെന്നുകാണുന്നു.

3. കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 236, 238-ൽ നിഷ്കർഷിക്കും പ്രകാരം നിയമസഭാ സമിതിക്ക് സമർപ്പിക്കുന്ന ഹർജികളിൽ തയ്യാറാക്കുന്ന നടപടി റിപ്പോർട്ട് വകുപ്പുസെക്രട്ടറി അംഗീകരിച്ച് നിയമസഭാസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. നിയമസഭാസമിതിയുടെ ശിപാർശകളിൽ എടുക്കുന്ന തീരുമാനം വകുപ്പുമന്ത്രിതലത്തിൽ അംഗീകരിക്കേണ്ടതും അതിൻമേലുള്ള റിപ്പോർട്ട് വകുപ്പു സെക്രട്ടറി അംഗീകരിച്ച് നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

4. നിയമസഭാ സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**ജി. കമലവർദ്ധന റാവു,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

<u>പകർപ്പ്</u> :—

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും അണ്ടർ സെക്രട്ടറിമാർക്കും അതിനു മുകളിലുള്ള ഓഫീസർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.